**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** **21-06-2024 - ൽ മറുപടിയ്ക്ക്**

**അവയവക്കടത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ,**<br>**ശ്രീ. എ. സി. മൊയ്തീൻ ,**<br>**ശ്രീ. പി. വി. അൻവർ,**<br>**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | അവയവക്കടത്ത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | എറണാകുളത്തെ രണ്ട് ആശുപത്രികൾക്ക് അന്താരാഷ്ട്ര അവയവ കടത്തുമായി ബന്ധമുണ്ടെന്ന് ആരോപിച്ചുള്ള മലപ്പുറം സ്വദേശിയുടെ പരാതിയും തിരുവനന്തപുരത്ത് അനധികൃത അവയവമാറ്റ ശസ്ത്രക്രിയ നടന്നു എന്നാരോപിച്ചുള്ള പരാതിയും ലഭിച്ചിട്ടുണ്ട്.<br><br>ആദ്യ പരാതി നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 544/2024 നമ്പർ ക്രൈം കേസിന്റെ പരിധിയിൽ ഉൾപ്പെടുത്തി അന്വേഷിച്ച് വരുന്നു.<br><br>രണ്ടാമത്തെ പരാതിയിൽ തിരുവനന്തപുരം പൂജപ്പുര പോലീസ് സ്റ്റേഷനിൽ പ്രാഥമിക അന്വേഷണം നടത്തി വരുന്നു. |
| (ബി) | അവയവദാന റാക്കറ്റുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇതുവരെ ആരെയെല്ലാം അറസ്റ്റുചെയ്തിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിക്കാമോ; | (ബി) | നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം.നം.544/2024 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലംകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്ക് എതിരെ 'ബ്ലൂ കോർണർ' നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 13 അംഗ അന്വേഷണ സംഘത്തെ നിയോഗിച്ച് കൂടുതൽ വിശദമായ അന്വേഷണം നടന്നു വരുന്നു. |
| (സി) | അവയവദാനറാക്കറ്റിൽ അകപ്പെടുകയും കബളിപ്പിക്കപ്പെടുകയും ചെയ്യപ്പെട്ട എത്രപേരുടെ വിവരങ്ങളാണ് ഇതുവരെ അന്വേഷണ ഏജൻസികൾക്ക് ലഭിച്ചിട്ടുള്ളതെന്നും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്താമോ? | (സി) | നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം.നം.544/2024 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ സാബിത്ത് നാസർ, സജിത്ത് ശ്യാം, ബെല്ലംകൊണ്ട രാമപ്രസാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ റാക്കറ്റിന്റെ സൂത്രധാരനായ മധു ജയകുമാർ എന്നയാൾക്ക് എതിരെ 'ബ്ലൂ കോർണർ' |

| | | | |
|---|---|---|---|
| | | | നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇന്റർപോൾ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. നെടുമ്പാശ്ശേരി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 13 അംഗ അന്വേഷണ സംഘത്തെ നിയോഗിച്ച് കൂടുതൽ വിശദമായ അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ